**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1018** **18-09-2025 - ൽ മറുപടിയ്ക്ക്**

**അധിനിവേശ സസ്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | അധിനിവേശ സസ്യങ്ങളായ സെന, യൂക്കാലി, ഗ്രാൻറ്റിസ് തുടങ്ങിയവ വനത്തിനുള്ളിൽ നട്ടുപിടിപ്പിച്ചത് വനത്തിലെ സ്വാഭാവിക ആവാസ വ്യവസ്ഥ നഷ്ടപ്പെടുന്നതിനും വന്യ മൃഗങ്ങൾ നാട്ടിലേക്ക് ഇറങ്ങുന്നതിനും കാരണമാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരം സസ്യങ്ങളെ നീക്കം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) | അധിനിവേശ സസ്യങ്ങളായ സെന്ന, യൂക്കാലി ഗ്രാന്റിസ് തുടങ്ങിയവ വനത്തിനുള്ളിൽ നട്ടുപിടിപ്പിച്ചത് വനത്തിലെ സ്വാഭാവിക ആവാസ വ്യവസ്ഥ നഷ്ടപ്പെടുന്നതിനും വന്യ മൃഗങ്ങൾ നാട്ടിലേക്ക് ഇറങ്ങുന്നതിനും ഒരു പരിധിവരെ കാരണമാകുന്നതായി കണ്ടെത്തിയിട്ടുണ്ട്. 17.12.2021-ലെ സ.ഉ.(കൈ) നമ്പർ 29/2021/വനം പ്രകാരം കേരളത്തിലെ വന പ്രദേശങ്ങളിലുള്ള വിദേശയിനം വൃക്ഷങ്ങളായ സെന്ന, യൂക്കാലി ഗ്രാന്റിസ് തുടങ്ങിയവ നീക്കം ചെയ്ത് അതാത് സ്ഥലത്തിന് അനുയോജ്യമായ തദ്ദേശീയ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ബി) | ഇത്തരം സസ്യങ്ങളെ പൂർണ്ണമായും നീക്കം ചെയ്യുന്ന രീതിയിലുള്ള നടപടിയാണോ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇതിനായി നാളിതുവരെ ഏതൊക്കെ വനമേഖലകളിൽ എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ടെന്നതിന്റെ വിശദാംശം നൽകുമോ ; | (ബി) | ഇത്തരം സസ്യങ്ങളെ പൂർണ്ണമായും നീക്കം ചെയ്യുന്ന രീതിയിലുള്ള നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്. 17.12.2021-ലെ സ.ഉ.(കൈ) നമ്പർ 29/2021/വനം പ്രകാരം ഇത്തരം സസ്യങ്ങളെ ഘട്ടംഘട്ടമായി നീക്കം ചെയ്ത് 20 വർഷം കൊണ്ട് പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി നാളിതുവരെ വിവിധ വനമേഖലകളിൽ 3027.33 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ആയത് അനുബന്ധം-1 ആയി ചേർക്കുന്നു. |
| (സി) | മേൽപ്പറഞ്ഞ സസ്യങ്ങളെ നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തികൾക്കായി വൻതുക ചെലവഴിച്ചതിനുശേഷവും ഇത്തരം വനമേഖലകളിൽ അധിനിവേശ സസ്യങ്ങൾ വളരുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതി നടപ്പാക്കുന്നതിൽ വീഴ്ച സംഭവിച്ചതായി വിലയിരുത്തുന്നുണ്ടോ; വിശദവിവരം നൽകുമോ? | (സി) | വിദേശയിനം സസ്യങ്ങൾ നീക്കം ചെയ്ത് ഇക്കോ-റെസ്റ്റോറേഷൻ പൂർത്തിയാക്കിയ സ്ഥലങ്ങളിൽ വിദേശ സസ്യങ്ങൾ വലിയ തോതിൽ പുനർജ്ജീവിച്ച് വരുന്നതായി കണ്ടെത്തിയിട്ടില്ല. ടി പദ്ധതി നടപ്പാക്കുന്നതിൽ വീഴ്ച സംഭവിച്ചതായി വിലയിരുത്തപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം –1**

| **സർക്കിൾ** | **ചെലവഴിച്ച തുക (ലക്ഷം)** |
|---|---|
| സതേൺ സർക്കിൾ | **367.07** |
| ഹൈറേഞ്ച് സർക്കിൾ | **233.41** |
| സെൻട്രൽ സർക്കിൾ | **1415.86** |
| ഈസ്റ്റേൺ സർക്കിൾ | **212.93** |
| നോർത്തേൺ സർക്കിൾ | **17.43** |
| വൈൽഡ് ലൈഫ് സർക്കിൾ, കോട്ടയം | **531.79** |
| വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട് | **241.33847** |
| അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് | **7.5** |
| **ആകെ** | **3027.32847** |